Draft #3 of File 17799/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 10-Jun-2020 02:52 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനം- ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020-21 വർഷം മാർജിനൽ വർദ്ധനവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2462/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 10.06.2020

---

*പരാമർശം:*-1. വൈസ് ചാൻസിലറുടെ, രജിസ്ട്രാർക്കുള്ള കുറിപ്പ് നം.വി.സി.702/01/045/2020 തീയതി 12.05.2020

2. 29.05.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷന്റെ ഇനം.നം. DDFS-17799/ACA1-3/2020 തീരുമാനം, എം.ജി. സർവകലാശാല ആക്ട് 1985 അധ്യായം 3 ഭാഗം 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് ബഹു. വൈസ് ചാൻസിലർ അംഗീകരിച്ചത്

**<u>ഉത്തരവ്</u>**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്നതായ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശന പ്രക്രീയയുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020-21 വർഷം മാർജിനൽ വർദ്ധനവ് താഴെപ്പറയും പ്രകാരം അനുവദിക്കുന്നത് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ, പരാമർശം (1) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരുന്നു.

- ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 70 സീറ്റ് വരെ.
- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 30 സീറ്റ് വരെ

29.05.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ടി വിഷയം പരിഗണിക്കുകയും പരാമർശം (2) പ്രകാരം ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020-21 വർഷം മാർജിനൽ വർദ്ധനവ് സർവ്വകലാശാലാ ചട്ടങ്ങൾക്കു വിധേയമായി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു.

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17)പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് വൈസ് ചാൻസിലർ ടി ശുപാർശ അംഗീകരിക്കുകയും ചെയ്തു.

അതിൻപ്രകാരം, സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയതിട്ടുള്ള ആർട്സ് & സയൻസ്

കോളേജുകളിൽ നടത്തപ്പെടുന്ന വിവിധ ബിരുദ / ബിരുദാനന്തരബിരുദ പോഗ്രാമുകൾക്ക് (നിയന്ത്രണ സമിതികൾ ഇല്ലാത്തവ) 2020-21 അദ്ധ്യയന വർഷം താഴെ പറയും പ്രകാരം നാമമാത്ര സീറ്റ് വർദ്ധനവ് (മാർജിനൽ വർദ്ധനവ്) സർവ്വകലാശാലാ ചട്ടങ്ങൾക്ക വിധേയമായി അനുവദിച്ചുകൊണ്ട് ഉത്തരവായിരിക്കുന്നു.

- ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 70 സീറ്റ് വരെ.
- ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 25% പരമാവധി 30 സീറ്റ് വരെ

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി./ പി.വി.സി എന്നിവരുടെ പി.എസ് മാർ
2.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ.
3.എസി.സി.1/2/എസി.എ7/എസി.ബി7/ എ റ്റി ആർ
4.പി.ആർ.ഒ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
5.സ്റ്റോക്ക് ഫയൽ/റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 17799/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 10-Jun-2020 02:52 PM - Page 2